# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.223 | 27/02/2017 ൽ മറുപടിക്ക് |
|---|---|

## ശ്രീ.വി.എ.അരുൺകുമാറിനെതിരെയുള്ള വിജിലൻസ് കേസ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വരവിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചതിന്റെ പേരിൽ മുൻ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്യുതാനന്ദന്റെ മകൻ ശ്രീ വി.എ. അരുൺകുമാറിനെതിരെ കേസ് എടുക്കുവാൻ വിജിലൻസ് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കേസുകൾ സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ)<br>യും<br>(ബി)<br>യും | ശ്രീ വി.എ. അരുൺകുമാറിനെതിരെയുള്ള ആരോപണങ്ങളിൻമേൽ രേഖാമൂലമുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ അനധികൃത സ്വത്ത് സമ്പാദനം നടത്തിയെന്ന ആരോപണത്തിൽ കഴമ്പില്ലെന്ന് വിജിലൻസ് അന്വേഷണത്തിൽ തെളിഞ്ഞിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ട അവശ്യകതയില്ല. |
| (ബി) | ഇത് സംബന്ധിച്ച് വിജിലൻസിന് കേസ് എടുക്കാമെന്ന ഉപദേശം നിയമ വകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | | |
| (സി) | ഐ.സി.ടി. അക്കാദമി ഡയറക്ടറായി ശ്രീ അരുൺകുമാറിനെ നിയമിച്ചതിനു പിന്നിലും ഐ.എച്ച്.ആർ.ഡി.യിൽ സ്ഥാനക്കയറ്റം നേടിയതിനു പിന്നിലും ക്രമക്കേട് ഉണ്ട് എന്ന നിയമസഭാ പ്രത്യേക സമിതിയുടെ റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തര നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | (സി) | ഐ.സി.ടി. അക്കാദമി ഡയറക്ടറായി ശ്രീ.വി.എ. അരുൺകുമാറിനെ നിയമിച്ചതായും ഐ.എച്ച്. ആർ.ഡി. അഡീഷണൽ ഡയറക്ടർ ആകുവാൻ ടിയാന് യോഗ്യതയില്ലെന്നുമുള്ള ആരോപണ ങ്ങളിന്മേൽ അന്വേഷിച്ച പ്രത്യേക നിയമസഭാസമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് അന്വേഷണം നടത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു വിജിലൻസ് കേസ് (വി.സി.1/15/ എസ്.ഐ.യു-II ) രജിസ്റ്റർ ചെയ്യുകയും ചെയ്തു. കേസ് അന്വേഷണം പൂർത്തിയായിട്ടില്ല. |

സെക്ഷൻ ഓഫീസർ